## പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജനുവരി 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2 (*31 ) ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ട്രഷറിയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറിലെ പഴുതുകളുപയോഗിച്ച് ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ഐ.എഫ്.എം.എസ്. സംവിധാനത്തിന്റെ ഭാഗമായി കേന്ദ്ര ഏജൻസിയായ NIC തയ്യാറാക്കിയിട്ടുള്ള വിവിധ മൊഡ്യൂളുകളിൽ ഏതെങ്കിലും തരത്തിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ടെസ്റ്റ് റണ്ണും സെക്യൂരിറ്റി ഓഡിറ്റും നടത്തി അവ പരിഹരിച്ചിട്ടുണ്ടെന്നും പഴുതുകൾ അടച്ചുകൊണ്ടുള്ള ട്രഷറി സോഫ്റ്റ്‌വെയറാണ് സജ്ജമാക്കിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു.

വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ബിൽ/ചെക്ക് സ്ക്രൂട്ടിണി ലെവലിലോ പാസ്സാക്കിയതിനുശേഷമോ ക്യാൻസൽ ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറി ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽനിന്ന് ഒഴിവാക്കിയും വിരമിക്കുകയോ ലീവിൽ പ്രവേശിക്കുകയോ സസ്പെൻഷനിലാകുകയോ ചെയ്യുന്ന ജീവനക്കാരുടെ യൂസർ ഐ.ഡി.-യും പാസ്സ്‌വേർഡും സ്വയം നിർജ്ജീവമാകുന്നതിനുള്ള സംവിധാനം നടപ്പാക്കിയും ജീവനക്കാരുടെ വ്യക്തിഗത പാസ്സ്‌വേർഡിനൊപ്പം മൊബൈൽ/ഇ-മെയിൽ മുഖാന്തരം ഡെയ്‌ലി പാസ്സ്‌വേർഡ് ലഭ്യമാക്കിയും ഇടപാടിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഇടപാടുകൾ നടത്തുന്ന ട്രഷറി ജീവനക്കാരുടെ അടിസ്ഥാന ഔദ്യോഗിക രേഖകളിലെ കൃത്യത ഉറപ്പുവരുത്താനായി ആയത് സ്പാർക്കുമായി സംയോജിപ്പിക്കുകയും ട്രഷറി സോഫ്റ്റ്‌വെയറിന്റെ സെക്യൂരിറ്റി ഓഡിറ്റും വകുപ്പുതല പരിശോധനയും ശക്തിപ്പെടുത്തുന്നതിന് അനിവാര്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്രഷറികളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്നുപേരെ ഡിസ്മിസ് ചെയ്ത് ക്രിമിനൽ കേസും വകുപ്പുതല നടപടിയും സ്വീകരിച്ച് നഷ്ടപ്പെട്ട തുക

തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചാലക്കുടിയിൽ സബ്ട്രഷറി ആരംഭിക്കുന്നതാണെന്നും കുന്ദമംഗലം ട്രഷറിയുടെ പ്രവർത്തനം വൈകാതെ യാഥാർത്ഥ്യമാകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3 (*32) <u>കിഫ്ബി വഴി നടത്തുന്ന പ്രവർത്തനം</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെനിന്നും കണ്ടെത്തുന്നതിനായി ധനകാര്യ വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള കേന്ദ്രീകൃത ഏജൻസിയായ കിഫ്ബി മുഖേന 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പദ്ധതികളായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നതെന്നും എന്നാൽ വൻകിട മൂലധന നിക്ഷേപവും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ടുകൊണ്ട് നാളിതുവരെ 60,096.35 കോടി രൂപയുടെ 821 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞുവെന്നും ഇതിൽ 40,096 കോടി രൂപയുടെ പദ്ധതികളും 20,000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികളുമാണ് ഉൾപ്പെടുന്നതെന്നും സഭയെ അറിയിച്ചു. പൊതുമരാമത്ത്, വിദ്യാഭ്യാസം,

ആരോഗ്യ കുടുംബക്ഷേമം, ജലസേചനം എന്നീ അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ 140 നിയോജകമണ്ഡലങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പാക്കിവരുന്നതെന്നും പദ്ധതി പ്രവർത്തനങ്ങളിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അവ പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്നും മുൻ സർക്കാരിന്റെ കാലത്ത് 29,689.37 കോടി രൂപയായിരുന്ന മൂലധനച്ചെലവ് ഈ സർക്കാരിന്റെ ആദ്യ നാലുവർഷക്കാലയളവിൽ 40994.06 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സി.&എ.ജി. ഓഡിറ്റിന് വിധേയമായി പ്രവർത്തിക്കുന്ന കിഫ്ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിംഗ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ടെന്നും 2020 ജൂലൈ മാസംവരെയുള്ള സി&എ.ജി. ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കിഫ്ബിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ലെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4 (*33) <u>കിഫ്ബിയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2016-ൽ കേരള

നിയമസഭ ഐകകണ്ഠ്യേന കിഫ്ബി ഭേദഗതി നിയമം പാസ്സാക്കിയതിനെത്തുടർന്ന് സമാനതകളില്ലാത്ത പ്രവർത്തന മികവാണ് കാഴ്ചവച്ചതെന്നും ഈ കാലയളവിലെല്ലാം കിഫ്ബിയെ മോശമായി ചിത്രീകരിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നും ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ടാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതെന്നും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും സംസ്ഥാനത്തിന്റെ സുപ്രധാന അടിസ്ഥാന പദ്ധതികളെല്ലാംതന്നെ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും മന്ത്രി അറിയിച്ചു. കിഫ്ബിയുടെ മസാലബോണ്ടിന്റെ ഭരണഘടനാ സാധുതയും സി&എ.ജി ഓഡിറ്റും സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന റിട്ട് പെറ്റീഷന്റെ വാദം കേൾക്കൽ കോടതി നീട്ടിവച്ചിരിക്കുകയാണെന്നും വിവിധ തലത്തിലുള്ള ഓഡിറ്റിംഗ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്ന കിഫ്ബിയിൽ 2020 ജൂലൈ മാസം വരെയുള്ള സി&എ.ജി

ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും സത്വരവുമായ നടപടികൾ സ്വീകരിച്ച് അവ പരിഹരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കിഫ്ബിയുടെ ഭരണഘടനാ സാധുതയെക്കുറിച്ച് ഒരു ഘട്ടത്തിലും പരാമർശിക്കാത്ത സി&എ.ജി. എക്സിറ്റ് മീറ്റിംഗിനുശേഷം കരട് റിപ്പോർട്ടിൽ എട്ട് ഖണ്ഡികകൾ കൂട്ടിച്ചേർത്തതാണ് വിവാദങ്ങൾക്ക് കാരണമായതെന്നും അത് ദൗർഭാഗ്യകരമായിരുന്നുവെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 371 ചോദ്യങ്ങളിൽ 31 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

....